ഇടിവെട്ടുംപോലെ മഴ; മനമിരുണ്ടു

# ചമ്മന്നൂർ താഴത്ത് 10 ഏക്കർ നെല്ല് ഉപേക്ഷിക്കുന്നു

Malayala Manorama-26-05-2018-P-02

പുന്നയൂർക്കുളം ● ഇടവപ്പാതിക്കു മുൻപേ കാലവർഷം കനത്തതോടെ വെള്ളത്തിലായ ചമ്മന്നൂർ താഴം കോൾപടവിലെ 10 ഏക്കറോളം നെല്ല് കർഷകർ ഉപേക്ഷിക്കുന്നു. വിളവെടുക്കാൻ പാകമായെങ്കിലും പാടത്ത് ചെളികെട്ടിയതാണ് തിരിച്ചടിയായത്. കഴിഞ്ഞ രാത്രിയിലെ മഴയിൽ കതിരിനൊപ്പം വെള്ളം ഉയർന്നതോടെ നെല്ല് കൊയ്യേണ്ടെന്നു തീരുമാനിക്കുകയായിരുന്നു. കെഎൽഡിസിയുടെ അനാസ്ഥയാണ് കൃഷി നശിക്കാൻ കാരണമെന്ന് ആക്ഷേപമുണ്ട്.

ബണ്ടിനു ഉയരം കുറവായതിനാൽ പമ്പിങ് തുടങ്ങാൻ വൈകി. അതിനാൽ സമയത്തിനു കൃഷി ഇറക്കാനും സാധിച്ചില്ലെന്നു കർഷകർ പറയുന്നു. ബണ്ടിൽ മണ്ണടിച്ച് ഉയരം കൂട്ടണമെന്നു കെഎൽഡിസിക്കാരോട് ആവശ്യപ്പെട്ടെങ്കിലും നടന്നില്ല. ജനുവരിയിലാണ് ബണ്ടിൽ ഉയരം കുറവുള്ള ഭാഗങ്ങളിൽ മണ്ണ് നിറച്ച ചാക്ക് നിരത്താൻ അധികൃതർ നിർദേശിച്ചത്. ഇതിനു ശേഷം പമ്പിങ് തുടങ്ങിയപ്പോഴേക്കും മറ്റ് ഭാഗങ്ങളിൽ കൃഷി ഇറക്കിയിരുന്നു.

ചമ്മന്നൂർ ചുള്ളിക്കാൻകുന്ന് മുതൽ കരിച്ചാൽ കടവ് വരെ 2.8 കിലോമീറ്ററോളം നീളമുള്ള ബണ്ടിൽ 500 മീറ്ററോളം ഭാഗം ബണ്ടിനു ഉയരമില്ലെന്നു കർഷകർ പറയുന്നു. മറ്റ് പടവുകളിൽ നിന്നു നൂറടി തോട്ടിലേക്ക് വെള്ളം അടിക്കുമ്പോൾ ബണ്ട് ഉയരമില്ലാത്ത ഭാഗത്തുകൂടി ചമ്മന്നൂർ പാടത്തേക്ക് കവിഞ്ഞൊഴുകുകയാണ്.

പടവിൽ കൃഷി ഇറക്കിയ 90 ഏക്കറിൽ 80 ഏക്കറോളം കൊയ്തെടുത്തു. ബാക്കിയുള്ള ഭാഗമാണ് വെള്ളത്തിലായത്. തൊഴിലാളികളെ വച്ച് കൊയ്താൽ നഷ്ടമാണെന്നു കർഷകർ പറയുന്നു. കാൽ നൂറ്റാണ്ടിലേറെയായി തരിശു കിടന്ന 100 ഏക്കർ പാടശേഖരത്തിൽ നാച്വറൽ ഫാമിങ് ഗ്രൂപ്പാണ് രണ്ടു വർഷമായി കൃഷി ഇറക്കുന്നത്.

ആവശ്യത്തിനു നല്ല മണ്ണ് കിട്ടാത്തതാണ് ബണ്ട് നിർമാണം വൈകാൻ കാരണമെന്നു കെഎൽഡിസി അധികൃതർ പറഞ്ഞു.

ബണ്ടിൽ ഉയരമില്ലാത്ത ഭാഗത്ത് മണ്ണ് നിറച്ച ചാക്ക് നിരത്താൻ 20,000 രൂപ നൽകിയിരുന്നു. അടുത്ത സീസണിനു മുൻപേ ബണ്ട് പൂർത്തിയാക്കുമെന്നും കെഎൽഡിസി അറിയിച്ചു.